# പത്രക്കുറിപ്പ്

## സ്വകാര്യ ഭൂമിയിലെ തടിയുൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വനം വകുപ്പിന്റെ ധനസഹായ പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

സ്വകാര്യ ഭൂമികളിലെ ശോഷിച്ചു വരുന്ന തടിയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സർവ്വ സാധാരണമായി ഉൽപാദിപ്പിക്കുന്ന തടിയിനങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും അതുവഴി ഭൂവുടമകൾക്ക് അധിക വരുമാനം ലഭിക്കുന്നതിനും വനം വകുപ്പ് പ്രോത്സാഹന ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു.

തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, റോസ്‌വുഡ്, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നീ വൃക്ഷ തൈകൾ നട്ടുവളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

തൈകളുടെ എണ്ണമനുസരിച്ച് മൂന്ന് തലങ്ങളിലായി, അതായത് 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപാ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40 രൂപാ നിരക്കിലും (ഏറ്റവും കുറഞ്ഞ പ്രോത്സാഹന ധനസഹായം 10000 രൂപ) 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30 രൂപാ നിരക്കിലും (ഏറ്റവും കുറഞ്ഞ പ്രോത്സാഹന ധനസഹായം 16,000 രൂപ) ധനസഹായം നൽകുന്നതാണ്.

ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങളും അപേക്ഷ ഫോറവും ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി ഓഫീസുകളിൽ നിന്നും വനം വകുപ്പിന്റെ *www.forest.kerala.gov.in* എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ 15-10-2016 തീയതിക്കകം അധികാര പരിധിയിലുള്ള സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ/ റെയിഞ്ച് ഓഫീസർ-ടെ കാര്യാലയങ്ങളിൽ സമർപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ച മറ്റ് വിവരങ്ങൾക്ക് അതാത് ജില്ലകളിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസുകളിലെ ടെലഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

| | | | |
|---|---|---|---|
| തിരുവനന്തപുരം | - 0471 2360462<br>9447979135 | കൊല്ലം | - 0474 2748976<br>9447979132 |
| പത്തനംതിട്ട | - 0468 2243452<br>9447979134 | ആലപ്പുഴ | - 0477 2246034<br>9447979131 |
| കോട്ടയം | - 0481 2310412<br>9447979133 | ഇടുക്കി | - 0486 2232505<br>9447979142 |
| എറണാകുളം | - 0484 2344761<br>9447979141 | തൃശൂർ | - 0487 2320609<br>9447979144 |
| പാലക്കാട് | - 0491 2555521<br>9447979143 | മലപ്പുറം | - 0483 2734803<br>9447979154 |
| കോഴിക്കോട് | - 0495 2416900<br>9447979153 | വയനാട് | - 0493 6202623<br>9447979155 |
| കണ്ണൂർ | - 0497 2705105<br>9447979151 | കാസർഗോഡ് | - 0499 4255234<br>9447979152 |

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(സോഷ്യൽ ഫോറസ്ട്രി)

*E:\Raju 2016\SW2\SW2-2485-11 M (01.08.2016).doc*